# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ. എസ്. കെ. വി. എൽ. പി. എസ്, കുഴിക്കലിടവക. |
| വിലാസം | ചെറുമങ്ങാട്, പുത്തൂർ |
| ഫോൺ | |
| സ്കൂൾ കോഡ് | 39216 |
| വിദ്യാഭ്യാസ ഉപജില്ല | കൊട്ടാരക്കര |
| വിദ്യാഭ്യാസ ജില്ല | കൊട്ടാരക്കര |
| റവന്യൂ ജില്ല | കൊല്ലം |
| ബി. ആർ. സി | കൊട്ടാരക്കര |
| സി. ആർ. സി | ഡബ്ല്യൂ. എൽ. പി. എസ് ചാങ്ങോട് |
| ഗ്രാമ പഞ്ചായത്ത് | പവിത്രേശ്വരം |
| ബ്ലോക്ക് പഞ്ചായത്ത് | വെട്ടിക്കവല |
| ജില്ലാ പഞ്ചായത്ത് | കൊല്ലം |
| നിയമസഭാ മണ്ഡലം | കുന്നത്തൂർ |
| ലോക്സഭാ മണ്ഡലം | മാവേലിക്കര. |
| താലൂക്ക് | |
| വില്ലേജ് | പുത്തൂർ |
| ഇ-മെയിൽ | 39216gskvlps@gmail.com |

# അവതാരിക

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി ദീർഘകാല കാഴ്ചപ്പാടോടുകൂടി തയ്യാറാക്കിയ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ് പൊതുവിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുന്നതിനുള്ള അതിവ്യാപ്തവും സമഗ്രവുമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും വിദ്യാലയ പ്രവർത്തനങ്ങൾ കരുത്തുള്ളതാക്കി മികവാർന്ന ശുഭപ്രതീക്ഷ ഇതിലുടനീളം മുഴങ്ങിക്കേൾക്കുന്നുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ പുതിയ സാധ്യതകൾ തെളിഞ്ഞു വരുമെന്ന വിശ്വാസം ഈ രചനയിൽ കാണുന്നു. വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ശക്തമായ ഇടപെടലുകളിലൂടെ പ്രകടമായ മാറ്റം സാധ്യമാക്കാമെന്ന ശുഭാപ്തി വിശ്വാസം കുളിക്കലിടവക ജി.എസ്.കെ.വി എൽ.പി.എസിൽ ഉണ്ടാകാം. ഈ സ്കൂളിന്റെ ഗതകാലപ്രതാപം വീണ്ടെടുക്കുന്നതിനും ആധുനികമായ വെല്ലുവിളികൾ നേരിടുന്നതിനും പര്യാപ്തമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ

സമഗ്ര വികസനമാണെന്നും വിദ്യാഭ്യാസത്തിന്റെ നിർവ്വചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തെ മൊത്തം ബോധ്യപ്പെടുത്തുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്ന ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ തന്നെയാണ് ഇതെന്നും സാരം.

# വിദ്യാലയത്തിന്റെ ചരിത്രം

ചെറുമങ്ങാട് ഗവ. എസ്.കെ.വി.എൽ.പി. എസ് കുഴിക്കാലിടവക വിദ്യാലയം ഒരു നൂറ്റാണ്ടോളം പഴക്കമുള്ളതാണ്. പവിത്രേശ്വരം പഞ്ചായത്തിലെ ചെറുമങ്ങാട് III-ാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പുത്തൂർ ടൗണിനടുത്താണ് ഈ സ്കൂൾ. ചെറുമങ്ങാട്, തെക്കുംചേരി, കാരിക്കൽ എന്നീ പ്രദേശങ്ങളിലെ വീടുകളിൽ നിന്നുള്ള കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. ഈ സ്കൂളിനടുത്തായി രണ്ട് അംഗൻവാടികൾ കൂടി പ്രവർത്തിക്കുന്നു.

കൊല്ലവർഷം 1090ലാണ് ഈ സ്കൂൾ കുടിപ്പള്ളിക്കൂടമായി പ്രവർത്തനം ആരംഭിച്ചത്. കുഴിക്കാലിടവകയിലെ പ്രധാന മാടമ്പിയായ പുത്തൻവീട്ടിൽ കൃഷ്ണനുണ്ണിത്താനാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഏതാനും വർഷങ്ങൾക്കകം സർക്കാരിൽ നിന്ന് അനുവാദവും അംഗീകാരവും കിട്ടി. 1095 മുതൽ സർക്കാരിൽ നിന്ന് ഗ്രാന്റ് അനുവദിച്ചു. 1110 മുതൽ പൂർണ്ണ പ്രൈമറി സ്കൂളായിത്തീർന്നു. ഇടയ്ക്ക് 2 വർഷം ഇവിടെ 5-ാം ക്ലാസ്സ് തുടങ്ങുവാനുള്ള അനുവാദവും കിട്ടി.

1123 ൽ തെക്കുംചേരിയിലുള്ള ഏതാനും ആളുകളുടെ ശ്രമഫലമായി ശ്രീകൃഷ്ണവിലാസം ലോവർ പ്രൈമറി സ്കൂൾ എന്ന പേരിൽ ഈ സ്കൂൾ സർക്കാരിലേക്ക് സറണ്ടർ ചെയ്തു. അന്നത്തെ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ പരിഷ്ക്കാരമനുസരിച്ചാണ് ഈ സ്കൂൾ സറണ്ടർ ചെയ്തത്. ആദ്യകാല ഹെഡ്മാസ്റ്റർ തോണ്ടലിൽ വീട്ടിൽ ശ്രീ. കെ നാണുപിള്ള ആയിരുന്നു. ഈ സ്കൂൾ സറണ്ടർ ചെയ്ത കാലത്ത് ഹെഡ്മിസ്റ്റർ പുത്തൂർ തെങ്ങിൽ വീട്ടിൽ ആർ. രാഘവൻപിള്ള ആയിരുന്നു.

കാരിക്കൽ, താഴം, കരിമ്പിൻപുഴ, തൈക്കച്ചേരി, ചെറുമങ്ങാട്, ചെറുപൊയ്ക എന്നീ കരകൾ ചേർന്നതാണ് കുഴിക്കലിടവക. ഈ സ്കൂൾ സ്ഥാപിച്ച കാലത്ത് സമീപത്തെങ്ങും മറ്റു സ്കൂളുകൾ ഇല്ലായിരുന്നു. ആദ്യകാലത്ത് 300 ൽ അധികം കുട്ടികൾ ഉണ്ടായിരുന്നു. ക്രമേണ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പെരുകിയതുമൂലം കുട്ടികളുടെ എണ്ണം കുറഞ്ഞു. കൊട്ടാരക്കര, ശാസ്താംകോട്ട റോഡരികിലായി 58 സെന്റ് സ്ഥലത്ത് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ആദ്യകാലത്ത് പട്ടിക ജാതിക്കാർക്കും മറ്റ് പിന്നോക്ക സമുദായക്കാർക്കും ഈ സ്കൂൾ മാത്രമായിരുന്നു ആശ്രയം. ഈ സ്കൂളിൽ പഠിച്ചിട്ടുള്ള പല വ്യക്തികളും ഉന്നത നിലയിലെത്തിയിട്ടുണ്ട്. പ്രശസ്ത ഡോക്ടർമാരായ Dr. പുഷ്പാംഗദൻ, കെ.വി. കേശവപിള്ള വൈദ്യർ, Dr. പുരുഷോത്തമൻ, പുത്തൂർ ദിവാകരൻ, പി. മാധവൻപിള്ള എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. ആദ്യകാല അദ്ധ്യാപകരിൽ പ്രധാനിയായ ശ്രീ. കുഞ്ഞൻപിള്ളയുടെ സേവനങ്ങൾ മികച്ചതു തന്നെയാണ്.

സമീപ പ്രദേശങ്ങളിലായി ധാരാളം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉണ്ട്. അവയും സ്കൂളിന് ഒരു ഭീഷണിയായിരിക്കുകയാണ്. കുട്ടികളുടെ എണ്ണം വളരെയേറെ കുറഞ്ഞിരിക്കുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. എങ്കിലും അവയെല്ലാം മറികടക്കേണ്ടത് ഈ സമൂഹത്തിന്റെ ഒരു ആവശ്യമായി മാറിയിരിക്കയാണ്. കാരണം ഈ നാട്ടിലെ സാധാരണക്കാരുടെ കുട്ടികളുടെ സർവ്വതോമുഖമായ വികാസത്തിന് ദീപനാളം തെളിയിച്ചു നിൽക്കുന്ന ഒരു സരസ്വതി ക്ഷേത്രം തന്നെയാണിത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* പ്രീ-പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർഥി സമീപനത്തിനി ആധുനികമായി പരിഷ്കരിച്ച് അധ്യാപക പരിശീലനം ഉറപ്പാക്കുക.
* പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
* ശീലങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
* പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന-യും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്ത-രീക്ഷം ഒരുക്കൽ.
* സാമൂഹ്യ അവഗണന ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കൽ.
* കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ.
* പ്ലാസ്റ്റിക് മുക്ത- ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കൽ.
* സ്കൂൾ ലൈബ്രറി, ലാബ് എന്നിവ ആധുനികവൽക്കരി-ക്കൽ.
* മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളി-ലേക്ക് എത്താൻ സഹായകരമായ പഠനാവസ്ഥ ലഭ്യമാക്കൽ.
* സ്കൂൾതല പ്രവർത്തനങ്ങൾ നിർവഹിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കൽ
* ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പ്രകടനം ഉറപ്പാക്കൽ.
* സമഗ്ര ഗുണമേന്മ വിദ്യാലയ അന്തരീക്ഷം സാധ്യമാക്കൽ
* ജൈവവൈവിധ്യ ഉദ്യാനം ലഭ്യമാക്കൽ

* ജനകീയ സംവിധാനങ്ങളുടെ പിന്തുണ ഉറപ്പാക്കൽ.
* കുട്ടികളുടെ മാനസിക സംഘർഷത്തിന് അയവു വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കൽ.
* സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കൽ.
* വിദ്യാലയം മികവിന്റെ കേന്ദ്രമാക്കൽ.
* പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകമായ മനോഭാവം സൃഷ്ടിക്കൽ.
* ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.
* കായിക ക്ഷമത വർധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
* ആരോഗ്യപരമായ മെച്ചപ്പെടുത്തലുകൾ ഉറപ്പാക്കൽ.

## ലക്ഷ്യങ്ങൾ - അക്കാദമികം

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.
* പ്രീ-പ്രൈമറി മുതൽ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
* അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ.
* പിന്നോക്കം നിൽക്കുന്ന കുട്ടികളെ മികവിലേക്ക് നയിക്കാനുള്ള പ്രവർത്തന പദ്ധതികളിൽ കൂടുതൽ ശ്രദ്ധ ചെലുത്തൽ.
* എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കും വിധം വൈവിധ്യമുള്ള വായനാനുഭവം ഒരുക്കൽ
* ഐ.ടി. അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കൽ.
* വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ.
* ആൺ-പെൺ വിവേചനങ്ങൾ ഇല്ലാതാക്കാനും തുല്യാവസരം പ്രദാനം ചെയ്യുന്നതുമായ അനുഭവങ്ങൾ ലഭിക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.

* ജീവിതനൈപുണി വികസിക്കുന്നതിന് വിദ്യാലയത്തിന് സ്വന്തമായ പാഠ്യപദ്ധതിയും പ്രവർത്തന പാക്കേജും രൂപപ്പെടുത്തൽ.
* അക്കാദമിക ശോഭയോടുകൂടിയ വേറിട്ട വിദ്യാലയത്തെ സൃഷ്ടിക്കൽ.
* കുട്ടിയുടെ സമഗ്ര വികസന ലക്ഷ്യത്തോടെ ഓരോ ക്ലാസ്സുകളിലും സന്തുലിതാനുഭവങ്ങൾ ഒരുക്കുക.
* പ്രതിഭാപോഷണ പരിപാടികൾ ഏറ്റെടുക്കുക.
* പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയത്തിന് പ്രവർത്തന സമീപനം രൂപപ്പെടുത്തൽ.
* പാർശ്വവത്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ മറികടക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടപെടൽ നടത്തി മാതൃക സൃഷ്ടിക്കൽ.

# ഭൗതികം

- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർഥി സൗഹൃദവുമായ ക്ലാസ്സ് മുറികൾ.
- പ്രവർത്തനാധിഷ്ഠിത പഠനത്തിന് അനുയോജ്യമായ ഉപകരണങ്ങൾ.
- സ്വതന്ത്രമായി സഞ്ചരിക്കുന്നതിനും ഒറ്റയ്ക്കും കൂട്ടമായും പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തൽ.
- ക്ലാസ്സ് റൂം ലൈബ്രറി സജ്ജമാക്കൽ.
- ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലാബ് ഒരുക്കൽ.
- അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ.
- സ്കൂൾ കോമ്പൗണ്ടിൽ ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ.
- പ്ലാസ്റ്റിക് രഹിത വിദ്യാലയം സജ്ജമാക്കൽ
- ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ പരിസരം സൃഷ്ടിക്കൽ.
- മാലിന്യ ശേഖരണ സംസ്കരണത്തിനുള്ള സൗകര്യമൊരുക്കൽ.
- അഗ്നിരക്ഷാ സംവിധാനങ്ങൾ ആവിഷ്കരിക്കൽ.
- ഫസ്റ്റ് എയ്ഡ് റൂം ഒരുക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കൽ.
- അനുരൂപീകരിക്കപ്പെട്ട ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കൽ
- ജല സംരക്ഷണത്തിനും വിതരണത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തൽ.

- പോഷകാഹാര വിതരണത്തിനായി അടുക്കള സജ്ജീകരിക്കൽ
- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ
- ആധുനിക സൗകര്യങ്ങളുള്ള പാചകപ്പുര നിർമ്മിക്കൽ
- സ്കൂൾ ഭിത്തികൾ പഠന മൂല്യമുള്ളതാകുവാൻ ബാലവർക്കുകൾ ആവിഷ്കരിക്കൽ.

# സാമൂഹികം

- പൊതു സമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കൽ.
- വിദ്യാലയ വികസന സമിതികൾ രൂപീകരിക്കൽ.
- സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതികൾ തയ്യാറാക്കൽ
- കുട്ടികളുടെ പഠന മികവിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി പരിഹരിക്കുക.
- സമയബന്ധിതമായി വികസന പദ്ധതികൾ നടപ്പിലാക്കൽ.
- SMC, PTA, CPTA എന്നിവ ശക്തമാക്കൽ.
- വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടൽ.
- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വേദിയാക്കൽ.
- നൂതനാശയ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- അവലോകന യോഗങ്ങൾ സംഘടിപ്പിക്കൽ.
- വിദ്യാലയത്തിന്റെ ഗുണനിലവാര മികവ് സാമൂഹ്യ-മാധ്യമങ്ങളിലേക്ക് നേരിട്ടെത്തിക്കുക.
- പ്രാദേശിക കലാകാരന്മാരെയും വിഭവങ്ങളെയും ഉപയോഗപ്പെടുത്തുക.
- സാമൂഹിക ബോധവൽക്കരണം നടത്തുക.

# പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- പ്രഥമാധ്യാപക യോഗത്തിൽ ലഭിച്ച അറിയിപ്പുകൾ അധ്യാപകരിലേക്ക് കൈമാറി.
- എസ്. ആർ. ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ - ചർച്ച.
- വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ.
- ചുമതല വിഭജിച്ചു നൽകൽ.
- അക്കാദമികം, ഭൗതികം, സാമൂഹികം എന്നു തരം തിരിച്ച് രേഖപ്പെടുത്തൽ.
- ചർച്ച - ക്രോഡീകരണം
- കരട് രൂപരേഖ പി. ടി. എ യിൽ അവതരിപ്പിക്കൽ
- ചർച്ച - കൂട്ടിച്ചേർക്കൽ.
- നിർദ്ദേശങ്ങൾ ഉൾപ്പെടുത്തൽ.
- പി. ടി. എ യുടെ നേതൃത്വത്തിൽ ക്രോഡീകരണം

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം - നേട്ടങ്ങൾ

- ഓരോ കുട്ടിക്കും പഠന നേട്ടങ്ങൾ ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്ന രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ ചിട്ടയോടെ നടത്തുന്നു.
- ലൈബ്രറി പുസ്തക വിതരണവും വായനാക്കുറിപ്പ് തയ്യാറാക്കലും.
- പത്രവായന, പത്രക്വിസ്, പൊതുവിജ്ഞാനം എന്നിവയുടെ ചിട്ടയായ പഠനം.
- പ്രതിദിന അസംബ്ലിയും ദിനാചരണങ്ങളും ആഘോഷങ്ങളും.
- പ്രീ-പ്രൈമറി ജീവനക്കാരുടെ സേവനം ഉറപ്പാക്കി ആഘോഷങ്ങൾ മികവാർന്നതാക്കുന്നു
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലീകരിക്കൽ, ശക്തിപ്പെടുത്തൽ.
- പിന്നോക്കം നിൽക്കുന്നവരെ പരിഗണിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉൾച്ചേർന്ന വിദ്യാഭ്യാസം.
- പഠനയാത്ര പ്രയോജനപ്പെടുത്തൽ.
- ഇംഗ്ലീഷ് പരിജ്ഞാനത്തിനുള്ള പ്രത്യേക പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി.
- ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡ്രൈഡേ, ആചരിക്കൽ, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ
- PTA, CPTA, MPTA, ഉച്ചഭക്ഷണ കമ്മിറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ വിപുലമായ പച്ചക്കറി കൃഷി വിളവെടുപ്പ് എന്നീ പ്രവർത്തനങ്ങൾ.

# അക്കാദമികം - പരിമിതികൾ

വിവിധങ്ങളായ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് വർധിക്കേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി നവീകരണം കൂടുതൽ കേന്ദ്രീകരണവും നടത്തണം. പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്രമേളകളിലും കലാമേളകളിലും കൂടുതൽ മികവു പുലർത്തുവാൻ ശ്രമിക്കേണ്ടതുണ്ട്. പഠനോപകരണങ്ങൾ പഠനാനുസരണമായി മികവാർന്നത് കൂടുതൽ ഉപയോഗിക്കുവാനുള്ള അവസരം സൃഷ്ടിക്കേണ്ടതുണ്ട്. അതുപോലെ തന്നെ കായിക അധ്യാപകരുടെ സേവനം പൂർണ്ണമായി ലഭ്യമാക്കാൻ കഴിയുന്നില്ല. മാനസികവും ശാരീരികവുമായ ഉല്ലാസം വീണ്ടെടുക്കുവാൻ പര്യാപ്തമായി കുട്ടികളുടെ പാർക്കിന്റെ അപര്യാപ്തതയുണ്ട്. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് പഠനപ്രവർത്തനങ്ങളിലെ ഗ്രൂപ്പ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

രക്ഷിതാക്കളുടെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥ മെച്ചപ്പെടലിനു തടസ്സം സൃഷ്ടിക്കുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന സമീപവാസികളായ രക്ഷിതാക്കളുടെ കുട്ടികൾ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം ഇംഗ്ലീഷ് മീഡിയത്തെ ആശ്രയിക്കുന്ന അവസ്ഥ പരിതാപകരമാണ്. രക്ഷിതാക്കളുടെ ശ്രദ്ധയും താല്പര്യമില്ലായ്മയും അക്കാദമിക പ്രവർത്തനങ്ങളെ വിപരീതമായി ബാധിക്കുന്നു. പി.ടി.എ യോഗങ്ങളിൽ പങ്കെടുക്കുവാൻ രക്ഷിതാക്കൾക്കു കഴിയാത്ത അവസ്ഥ അക്കാദമിക നേട്ടങ്ങളെ സാരമായി ബാധിക്കുന്നു.

## ട്രൗണികം - നേട്ടങ്ങൾ

- ചുറ്റുമതിലിന്റെ ഒരുഭാഗം ആകർഷകമാക്കി മഹത്-വചനങ്ങൾ രേഖപ്പെടുത്തുവാനും ചിത്രങ്ങൾ ഉൾപ്പെടുത്തുവാനും കഴിഞ്ഞു.
- സ്കൂളിന്റെ അകംഭിത്തിയും പുറവും പഠനനേട്ടങ്ങൾ-കാരണമായ ചിത്രങ്ങൾ ഉൾപ്പെടുത്തി ആകർഷകമാക്കാൻ കഴിഞ്ഞു.
- ആശയാത്മകവും അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ചിത്രവും ചുവരുകളിൽ വരച്ചു.
- Building as a learning aid എന്ന ആശയത്തിന്റെ കൂടുതൽ സാധ്യതകൾ ചിത്രങ്ങളിലൂടെ കണ്ടെത്തി.

## ഭൗതികം - നേട്ടങ്ങൾ

- ചുറ്റുമതിലിന്റെ ഒരുഭാഗം ആകർഷകമാക്കി മഹത്-വചനങ്ങൾ രേഖപ്പെടുത്തുവാനും ചിത്രങ്ങൾ ഉൾപ്പെടുത്തുവാനും കഴിഞ്ഞു.
- സ്കൂളിന്റെ അകം ഭിത്തിയും പുറവും. പഠനനേട്ടങ്ങൾക്കനുസൃതമായ ചിത്രങ്ങൾ ഉൾപ്പെടുത്തി ആകർഷകമാക്കാൻ കഴിഞ്ഞു.
- ആശയാത്മകവും, അക്ഷരങ്ങൾ ഉപയോഗിച്ചിട്ടുള്ള ചിത്രവും ചുവരുകളിൽ നടത്തി.
- പൂന്തോട്ട നിർമ്മാണം ആകർഷകമാക്കി.
- ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം ഏറ്റെടുത്തു.
- ജൈവ പച്ചക്കറി കൃഷിയിലൂടെ നേട്ടങ്ങൾ കൊയ്തു.
- പ്രവേശന കവാടം നിർമ്മിച്ചു.

## പരിമിതികൾ

- ക്ലാസ്സ് മുറികൾ വേർതിരിക്കുവാൻ കഴിയാത്ത അവസ്ഥ.
- ലബോറട്ടറി, ലൈബ്രറി, വായനാമുറി, ICT ലാബ്, LCD പ്രൊജക്ടറോടുകൂടിയ ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തത.
- സ്ഥല സൗകര്യത്തിന്റെ ശരിയായ രീതിയിലുള്ള ഉപയോഗക്രമം പാലിക്കാത്ത അവസ്ഥ.
- റോഡിന്റെ ഓരം ചേർന്നുള്ള കെട്ടിടത്തിന്റെ നിലനിൽപ്പ്.
- ആകർഷകമല്ലാത്ത ചുറ്റുമതിൽ, പ്രവേശന കവാടം
- അസംബ്ലി, ആഘോഷങ്ങൾ, പൊതുപരിപാടികൾ, ഇവ നടത്തുവാൻ ആഡിറ്റോറിയം ഇല്ലാത്തതിന്റെ അസൗകര്യം.
- സ്കൂൾ റിക്കാർഡുകൾ സൂക്ഷിക്കുവാൻ ഓഫീസ് മുറിയിൽ ഉപകരണങ്ങളുടെ അപര്യാപ്തത, സ്ഥല സൗകര്യത്തിന്റെ പരിമിതി.

- പ്രീ-പ്രൈമറിയുടെ ക്ലാസ്സ് നടത്തുന്നതിനാവശ്യമായ സ്ഥല പരിമിതി.
- സ്റ്റാഫ് മുറിയുടെ അപര്യാപ്തത.
- പാചകപ്പുരയുടെ വലിപ്പക്കുറവ്, സ്റ്റോർമുറി ഇല്ലാത്തതു-കൊണ്ടുള്ള അസൗകര്യം, ഗ്യാസ് അടുപ്പ് സുരക്ഷിതമായി വയ്ക്കുവാനുള്ള പരിമിതികൾ.
- ഉച്ചഭക്ഷണം നൽകുന്നതിനുള്ള ഡൈനിംഗ് ഹാളിന്റെ ആവശ്യകത.
- മാനസികവും, ശാരീരികവുമായ ഉല്ലാസം വീണ്ടെടുക്കുവാൻ പര്യാപ്തമായ രീതിയിൽ കുട്ടികൾക്ക് പാർക്ക് നിർമ്മിക്കുവാൻ കഴിയാത്ത അവസ്ഥ.
- മാലിന്യ സംസ്കരണത്തിനുള്ള ആധുനിക രീതികൾ നടപ്പിലാക്കുവാൻ കഴിയാത്ത അവസ്ഥ.
- കളിസ്ഥലം ആകർഷകമല്ല.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
- പഠനയാത്രകൾ
- ശാസ്ത്രാഭിരുചി വളർത്തുന്ന പരിപാടികൾ.
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ഐ.ടി. പരിപാലനം
- ജൈവവൈവിധ്യ പാർക്ക്
- പോഷകാഹാര പരിപാടി
- ക്ലാസ്സ് പി.ടി.എ സജീവമാക്കൽ.

## ഭൗതികം

- ചുറ്റുമതിൽ, ഗേറ്റ്
- കളിസ്ഥലം
- കുട്ടികളുടെ പാർക്ക്
- ക്ലാസ്സ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി.
- വിശ്രമമുറി
- കമ്പ്യൂട്ടർ മുറി
- മൾട്ടി മീഡിയ റൂം.
- ലൈബ്രറി
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ
- മാലിന്യ സംസ്കരണം
- ശുദ്ധ ജല വിതരണം
- ഇരിപ്പിടങ്ങൾ.

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.
- എസ്.എസ്.ജിയുടെ സേവനം ലഭ്യമാക്കൽ.
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ,
- വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, തുടങ്ങിയവയുടെ സേവനം ലഭ്യമാക്കൽ
- ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ.
- വിദ്യാലയ മികവുകൾ പങ്കിടൽ.
- വിദ്യാലയ മികവുകൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ,
- കുട്ടികളുടെ കഴിവുകൾ, തിരിച്ചറിയുന്നതിന് പ്രാദേശിക വേദി ഒരുക്കുക.

## പദ്ധതി വിശദാംശങ്ങൾ

മേഖല - അക്കാദമികം

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | • പ്രീ-ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | • അക്ഷരം ഉറപ്പിക്കുന്നു. | ജൂൺ രണ്ടാമത്തെ ആഴ്ച. | | |
| | • അടയാളങ്ങൾ തിരിച്ചറിയുന്നു. • അക്ഷര കാർഡ് നൽകൽ. • വാക്കുകൾ എഴുതിയ കാർഡ് നൽകൽ. • വാക്കുകൾ നിർമ്മിക്കുന്നു. • വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ മൂന്നാം വാരം | ക്ലാസ് ടീച്ചർ. | |
| | • ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് തയ്യാറാക്കുന്നു • ചിത്രം നൽകി കഥ പറയൽ • ചിത്രത്തിൽ നിന്ന് കഥ രൂപീകരണം | ജൂൺ അവസാന ആഴ്ച. | | |
| | • കഥയുടെ തുടർന്നുള്ള ഭാഗം • ചിത്രനാടകം നിർമ്മിക്കുന്നവർക്ക് [illegible] നടത്തുന്നു | ജൂലൈ ആദ്യവാരം | അധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല - വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വ[illegible] |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക. | • പത്രവായന നടത്തി വാർത്തയുടെ വിശദാംശങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. | ദിനംപ്രതി ജൂൺ മുതൽ. | ക്ലാസ് ടീച്ചർ | |
| | • ബാലമാസികകൾ വായിച്ച് ഗ്രൂപ്പിൽ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നു | | | |
| | • അസംബ്ലിയിൽ ഉച്ചാരണ ശുദ്ധിയോടെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ വായിക്കുന്നു | ആഴ്ചയിൽ ദിവസം 5 കുട്ടികൾ വീതം | ക്ലാസ് ടീച്ചർ | |
| | • ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി ഉല്പന്നങ്ങൾ ഉപയോഗിക്കുന്നു | ആഴ്ചയിൽ 1 പുസ്തകം വീതം | പ്രഥമാധ്യാപകർ | |
| | • ലൈബ്രറി സന്ദർശനം - പ്രവർത്തനങ്ങൾ മനസ്സിലാക്കൽ, | | | |

## ലൈബ്രറി ശാക്തീകരണം

## ഉപമേഖല - വായനാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • സ്കൂൾ ലൈബ്രറി സന്ദർശനം<br>• പുസ്തകങ്ങളുടെ പേരുകൾ വായിക്കുവാൻ അവസരമൊരുക്കുന്നു<br>• പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമപ്പെടുത്തുന്നു.<br>• ക്ലാസ്സ് ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തുന്നു.<br>• വിതരണ രജിസ്റ്റർ പരിചയപ്പെടുന്നു | ജൂൺ മുതൽ. | PTA | 1000 രൂപ<br>SSA |

പേര് - സർഗവേദി

ഉപമേഖല - ഭാഷാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | • പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായനാ അനുഭവങ്ങൾ എഴുത്ത് അനുഭവങ്ങൾ എന്നിവ കുട്ടികളുമായി പങ്കുവയ്ക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | PTA | |

പേര് - രചനാശില്പശാല

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം സാഹിത്യവേദി | |

മേഖല: നാടകക്കളരി

ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റുക. | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നാടകത്തിനു സാധ്യതയുള്ള ഭാഗങ്ങൾ തെരഞ്ഞെടുക്കുന്നു<br>• കഥാപാത്രങ്ങൾക്കനുയോജ്യമായ കുട്ടികളെ തെരഞ്ഞെടുക്കുന്നു<br>• രചന നിർവ്വഹിക്കുന്നു<br>• പരിശീലനം നൽകുന്നു<br>• ആവശ്യമായ വേഷവിധാനങ്ങൾ സജ്ജമാക്കുന്നു<br>• PTA യുടെ സഹായം തേടുന്നു<br>• സംഭാഷണങ്ങൾ മനഃപാഠമാക്കുന്നതിന് അവസരം നൽകുന്നു<br>• CPTA യിൽ അവതരണം | മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി. | |

പേര്: ദിനാചരണങ്ങൾ

ഉപമേഖല: സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | • SRG യിൽ ദിനാചരണങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• ചുമതലകൾ വിഭജിച്ചു നൽകൽ.<br>• പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു<br>• മുന്നൊരുക്കങ്ങൾ നടത്തുന്നു.<br>• മുൻഗണനാക്രമം നിശ്ചയിച്ച് പ്രവർത്തനങ്ങൾ അനുസരിച്ച് ചെയ്യുന്നു<br>• PTA, ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ ആവശ്യമായ വിഭവങ്ങൾ സംഘടിപ്പിക്കുന്നു.<br>• പൊതുവേദികളിൽ അവതരിപ്പിക്കുന്നു<br>• തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ. | |

പേര്: വായന വേഗത്തിൽ

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവു നേടൽ. | • പ്രീ ടെസ്റ്റ്<br>• പ്രവർത്തന രൂപരേഖ തയ്യാറാക്കൽ<br>• SRG ചർച്ച<br>• വർക്ക് ബുക്കുകൾ വികസിപ്പിക്കുന്നതിനു ശില്പശാല നടത്തുന്നു<br>• തുടർപ്രവർത്തനങ്ങൾ എന്ന നിലയിൽ കുട്ടികൾക്ക് സ്വയം ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ നൽകുന്നു<br>• | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |

പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | • SRG കൂടുന്നു<br>• ഇംഗ്ലീഷ് അസംബ്ലിയുടെ ചുമതല വീതിച്ചു നൽകുക.<br>• ആഴ്ചയിൽ ഒരു ദിവസം ക്ലാസിന് ചുമതല നൽകുന്നു<br>• അവതരിപ്പിക്കേണ്ട പരിപാടികൾ എന്തെല്ലാമെന്ന് തെരഞ്ഞെടുക്കുന്നു<br>• കഴിവിനനുസൃതമായി ഓരോ കുട്ടിക്കും അവസരം നൽകുന്നു.<br>• അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശങ്ങൾ കൈമാറുന്നു<br>• അസംബ്ലി അവതരിപ്പിച്ചതിനു ശേഷം വിലയിരുത്തൽ നടക്കുന്നു<br>• പോരായ്മകൾ അടുത്ത അസംബ്ലിയിൽ മെച്ചപ്പെടുത്തുന്നു | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: പഠനസുരഭില

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തെളിവുകൾ പുനരുപയോഗ സാധ്യതകളുള്ളതാക്കി മാറ്റുക. | • ജൂൺ മാസം മുതൽ കുട്ടികളുടെ പഠനത്തെളിവുകൾ ശേഖരിച്ച് വയ്ക്കുന്നു<br>• ഉത്പന്നങ്ങൾ മെച്ചപ്പെടുത്തി പേപ്പറിൽ എഴുതി ഫയൽ ചെയ്യുന്നു<br>• അധ്യാപകർ വിലയിരുത്തൽ നടത്തുന്നു.<br>• എഡിറ്റ് ചെയ്ത് ലേഔട്ട് ചെയ്ത് മെച്ചപ്പെടുത്തുന്നു<br>• CPTA യിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല: ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • SRG മീറ്റിംഗ്<br>• ഉപകരണങ്ങൾ നിർമ്മിക്കൽ<br>• സ്ഥലം തെരഞ്ഞെടുക്കൽ<br>• സജ്ജീകരണത്തിനാവശ്യമായ ഉപകരണങ്ങളുടെ തെരഞ്ഞെടുപ്പ് | ജൂൺ - മാർച്ച് | PTA | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ഉപകരണങ്ങൾ ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമത്തിൽ തരംതിരിക്കുന്നു. <br>• ആകർഷകമായ ക്രമീകരണം നടത്തുന്നു. <br>• ക്ലാസ് ഗണിതലാബുകളുടെ ക്രമീകരണം നടത്തുന്നു | | | |

പ്രവർത്തനത്തിന്റെ പേര്: ഗണിത പാർക്ക്

ഉപമേഖല : ഗണിതാശയം ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം ആസ്വദിക്കുവാൻ കഴിയുന്നതിലേക്ക് കുട്ടിയെ വളർത്തുക | • പ്രീടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു <br>• SRG യിൽ ചർച്ച ചെയ്ത് പ്രവർത്തന മേഖലകൾ നിശ്ചയിക്കുന്നു <br>• ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുവാനുള്ള പ്രവർത്തനം ഒരുക്കൽ. <br>• നിർദ്ദിഷ്ട സമയത്ത് അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക | ജൂൺ-മാർച്ച് | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പഠനാനുഭവങ്ങൾ നൽകൽ. • പ്രവർത്തന പുരോഗതി SRG യിൽ വിലയിരുത്തൽ • ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ചാർട്ട് സജ്ജമാക്കൽ. • | | | |

പ്രവർത്തനത്തിന്റെ പേര്: ഒറിഗാമി ശില്പശാല.

ഉപമേഖല : ഗണിത വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | • പഠനനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ രൂപങ്ങൾ പട്ടികപ്പെടുത്തുന്നു • ഓരോ ക്ലാസ്സിനെയും അടിസ്ഥാനമാക്കി മുൻഗണനാക്രമം നിശ്ചയിക്കൽ • ലളിതമായവയിൽ നിന്നും സങ്കീർണമായ തിലേക്ക് ഘന നവും | ജൂൺ മുതൽ മാർച്ച് വരെ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം ചുമതല | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | അടിസ്ഥാനമാക്കി നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• വിവിധ രൂപങ്ങൾ നിർമ്മിക്കൽ<br>• ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ<br>• പ്രദർശനം സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം : ശാസ്ത്രമേള

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെയുള്ള പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമേള ഉറപ്പാക്കൽ. | • ശാസ്ത്രമേളയിൽ ഉണ്ടാകേണ്ട വസ്തുക്കൾ പട്ടികപ്പെടുത്തൽ. | ആഗസ്റ്റ് ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | • ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ | സെപ്തംബർ 5 നു മുമ്പ് | അധ്യാപകർ | |
| | • സാധനങ്ങൾ വാങ്ങൽ | സെപ്തംബർ 10 | PTA | |
| | • PTA യിൽ അവതരണം | " 15 | | |
| | • പഠനോപകരണ നിർമ്മാണ ശില്പശാല | സെപ്തംബർ അവസാന വാരം | | |
| | • ശാസ്ത്രമേള ഒരുക്കാൻ ആവശ്യമായ ഉപകരണങ്ങൾ | ഒക്ടോബർ | | |
| ആവാസ വ്യവസ്ഥകൾ സന്ദർശനം ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട് പഠന യാത്രകൾ സംഘടിപ്പിക്കുന്നു | ജൂലൈ - ആഗസ്റ്റ് | | |
| ക്ലാസ്സ് തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. സ്കൂൾ തല ശാസ്ത്രമേളയുടെ സംഘാടനം | • പാഠഭാഗവുമായി ബന്ധപ്പെടുത്തി മേള ക്ലാസ്സിൽ കുട്ടികളെ ഉൾപ്പെടുത്തുന്നതിന് | | | |

| | | |
|---|---|---|
| കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്ര പരിശീലനങ്ങൾ, മോഡലുകളുടെ നിർമ്മാണത്തിനാവശ്യമായി ബന്ധപ്പെട്ടുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ശാസ്ത്രാവബോധം വളർത്തുന്നതിനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പരിശീലനങ്ങൾ അധ്യാപകർ നൽകുന്നു ആവശ്യമായ ഘട്ടങ്ങളിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നു<br>- ശാസ്ത്രദിനാചരണങ്ങൾ വിവിധ പ്രവർത്തനങ്ങളോടെ സംഘടിപ്പിക്കുന്നു | ഏപ്രിൽ- മാർച്ച് | Teachers Parents. |

പ്രവർത്തനം : കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ. | • കുട്ടികൾക്ക് കായിക പരിശീലനം നൽകൽ<br>• SRG ചർച്ച<br>• PTA യിൽ അവതരണം<br>• രാവിലെയും വൈകുന്നേരവും പരിശീലനം നൽകൽ<br>• മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് പ്രത്യേക പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | PTA | |

പ്രവർത്തനം - മാലിന്യ നിർമാർജ്ജനം

ഉപമേഖല - പ്രകൃതി സംരക്ഷണം, പരിസര ശുചിത്വം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സ്കൂൾതല മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു | പോസ്റ്റർ നിർമാണം, സ്കൂൾ പരിസര ശുചീകരണം, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കൽ, ഹരിതകർമ സേനയുടെ സേവനം ഉപയോഗപ്പെടുത്തൽ, കമ്പോസ്റ്റ്കുഴി നിർമാണം | ജൂൺ - മാർച്ച് | PTA | |
| • മാലിന്യ നിർമാർജ്ജനം എന്റെ കടമയാണെന്ന് ബോധ്യപ്പെടുന്നു. | | | | |

## പ്രവർത്തനം - ലഹരി വിരുദ്ധം

ഉപമേഖല -

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| • ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു | ബോധവത്കരണം, പോസ്റ്റർ നിർമാണം, ലഹരി വിരുദ്ധ പ്രതിജ്ഞ | ജൂൺ | PTA | |

പ്രവർത്തനം - സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ

ഉപമേഖല - വിഷരഹിത പച്ചക്കറികളുടെ ഉത്പാദനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| • വിഷരഹിതവും ആരോഗ്യദായകവുമായ പച്ചക്കറികളുടെ ഉല്പാദനത്തിൽ പങ്കുചേരുന്നതിന് | പച്ചക്കറി കൃഷി കൃഷിഭവനങ്ങളുടെ സഹായത്തോടെ സ്കൂളിൽ നടപ്പാക്കുന്നു. | | PTA | |

# ഉപസംഹാരം

വിവിധ വിഷയങ്ങളുടെ പഠന സാധ്യതകൾ മുന്നിൽ കണ്ട് സ്കൂളിനെ ഒരു ടാലന്റ് ലാബ് ആക്കി മാറ്റുവാൻ വേണ്ടി തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. പ്രമേയാധിഷ്ഠിതവും പരസ്പര ബന്ധിതവും ഭാവനയുണർത്തുന്നതും സർഗാത്മക രചനയിലേക്ക് നയിക്കുന്നതുമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പഠനനേട്ടം വിശകലനം ചെയ്ത് വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടാൻ കുട്ടികളെ സഹായിക്കുവാൻ ഉള്ള ഒരു ശ്രമമാണിവിടെ നടത്തിയിരിക്കുന്നത്. വിദ്യാലയം തന്നെ പഠന വിഭവമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നു. ഇംഗ്ലീഷ് പഠനത്തിന് പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നു. അതുപോലെ തന്നെ വായന, ഗണിതം, ശാസ്ത്രം, കലാകായിക പ്രവൃത്തി പരിചയം എന്നിവയ്ക്കും മുൻതൂക്കം നൽകിയിരിക്കുന്നു. ഭൗതികമായ മെച്ചപ്പെടുത്തലുകൾക്കും ശ്രമം നടക്കും. പൂർവ്വ വിദ്യാർത്ഥികൾ, സമൂഹത്തിൽ വൈദഗ്ധ്യമുള്ളവർ, PTA, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലക്കാർ എന്നിവരുടെ സേവനം ഉറപ്പുവരുത്തി മികവാർന്ന ഒരു വിദ്യാലയം കെട്ടിപ്പടുക്കാവുന്ന പ്രത്യാശയോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു